"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എൽ.എം.എസ്. തമിഴ് ഹൈസ്കൂളിലെ യു.പി.എസ്.എ (തമിഴ്) ശ്രീമതി.ഷാലി ടി. ഫയൽ ചെയ്ത റിട്ട് ഹർജി നം. 8773/2022-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.5179/2026/GEDN തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-

1. തിരുവനന്തപുരം, പാറശ്ശാല എൽ.എം.എസ്. തമിഴ് ഹൈസ്കൂളിലെ യു.പി.എസ്.എ. (തമിഴ്) ശ്രീമതി.ഷാലി ടി. ഫയൽ ചെയ്ത റിട്ട് ഹർജി 8773/2022-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 13.03.2026-ലെ വിധിന്യായം.
2. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22.05.2026-ലെ ബി1/2073/23 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.05.2026-ലെ DGE/ 8728/2026-ET4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എൽ.എം.എസ്. തമിഴ് ഹൈസ്കൂളിലെ യു.പി.എസ്.എ (തമിഴ്) ശ്രീമതി. ഷാലി.ടി ഫയൽ ചെയ്ത റിട്ട് ഹർജി നം. 8773/2022 - ന്മേലുള്ള പരാമർശം (1) വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി Ext.P9 റദ്ദാക്കുകയും Ext.P7 പുന:പരിശോധിച്ച് ഹർജിക്കാരിയെയും 5 മുതൽ 7 വരെയുള്ള എതിർ കക്ഷികളെയും നേരിൽ കേട്ട് വിധിന്യായം കൈപ്പറ്റി 2 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയെയും അഞ്ചാം എതിർ കക്ഷിയുടെ പ്രതിനിധിയെയും 6, 7 എതിർ കക്ഷികളെയും മറ്റ് ബന്ധപ്പെട്ടവരെയും 25.05.2026 ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2. പാറശ്ശാല തമിഴ് എൽ.എം.എസ്. ഹൈസ്കൂളിൽ യു.പി.എസ്.ടി (തമിഴ്) അധ്യാപികയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അയറിൻലത 31.04.2019-ന് വിരമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ മാനേജർ ഹർജിക്കാരിയെ 06.06.2019 മുതൽ യു.പി.എസ്.ടി (തമിഴ്) ആയി നിയമിക്കുകയുണ്ടായെന്നും, പ്രസ്തുത നിയമനം വ്യവസ്ഥാപിത തസ്തികയിലേക്കാണ് നടത്തിയിരിക്കുന്നതെന്നും, അതിനാൽ തനിക്ക് 06.06.2019 മുതൽ നിയമനാംഗീകാരം അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും നേരിൽ കേട്ട വേളയിൽ ഹർജിക്കാരി വാദിക്കുകയുണ്ടായി.

3. എൽ.എം.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പാറശ്ശാല തമിഴ് എൽ.എം.എസ്. ഹൈസ്കൂളിലെ യു.പി.എസ്.ടി. (തമിഴ്) ആയിരുന്ന ശ്രീമതി ഐറിൻ ലത 31.03.2019-ന് വിരമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ ശ്രീമതി ഷാലി റ്റി.-യെ 06.06.2019 മുതൽ യു.പി.എസ്.ടി. (തമിഴ്) ആയി നിയമിച്ച് നിയമന ഉത്തരവും അനുബന്ധ രേഖകളും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അംഗീകാരത്തിനായി സമർപ്പിച്ചതായും, എന്നാൽ, പ്രസ്തുത മാനേജ്മെന്റിന് കീഴിൽ ശ്രീമതി. ഷാലി.റ്റി -യേക്കാൾ സീനിയറായ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതും, ക്ലാസ് ശരാശരി 15-ൽ താഴെയായിരുന്നതും ചൂണ്ടിക്കാട്ടി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27.12.2019-ലെ ബി1/10732/2019 നമ്പർ ഉത്തരവ് പ്രകാരം നിയമനം നിരസിക്കപ്പെട്ടതായും, അതിനെതിരെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ലെന്ന കാരണത്താൽ നിരസിക്കപ്പെട്ടതായും മാനേജറുടെ പ്രതിനിധി വിശദീകരിക്കുകയുണ്ടായി. ശ്രീമതി. ഷാലി.റ്റി - യേക്കാൾ സീനിയറായ നിയമനാർത്ഥികളിൽ അംഗീകാരം ലഭിക്കാതെ തുടരുന്നത് ശ്രീമതി. ജീജ.എസ്-ന്റെ നിയമനം മാത്രമാണെന്നും, ശ്രീ. കെ. വിൻസെന്റിനെ യു.പി.എസ്.ടി. (തമിഴ്) തസ്തികയിൽ നിന്ന് 23.06.2017 മുതൽ എൽ.പി.എസ്.ടി. (തമിഴ്) തസ്തികയിലേക്ക് മാറ്റിയതിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ ശ്രീമതി ജീജ എസ്.-നെ യു.പി.എസ്.ടി. (തമിഴ്) ആയി നിയമിച്ചെങ്കിലും കുട്ടികളുടെ എണ്ണം ശരാശരി എട്ടിൽ താഴെയായിരുന്നതും അക്കോമഡേഷൻ കുറവ് മൂലം ഒരു യു.പി.എസ്.ടി. തസ്തിക കുറച്ചതും ചൂണ്ടിക്കാട്ടി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27.02.2019-ലെ ബി/4624/2017 നമ്പർ ഉത്തരവ് പ്രകാരം നിയമനം നിരസിക്കപ്പെട്ടതായും മാനേജറുടെ പ്രതിനിധി വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും സ്കൂൾ മതിയായ കുട്ടികളില്ലാത്ത സ്കൂളാണെന്ന കാരണത്താൽ നിരസിക്കപ്പെട്ടതായും, തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ ഹർജിയിൽ സ്കൂൾ ഭാഷാന്യൂനപക്ഷ സ്ഥാപനമായതിനാൽ കുട്ടികളുടെ എണ്ണം സംബന്ധിച്ച തടസ്സവാദം നിലനിൽക്കില്ലെന്ന് കണ്ടെത്തിയെങ്കിലും, യു.പി.എസ്.ടി. തസ്തികയിൽ നിന്നുള്ള എൽ.പി.എസ്.ടി. തസ്തികയിലേക്കുള്ള ശ്രീ. കെ. വിൻസെന്റിന്റെ മാറ്റം നിയമാനുസൃതമല്ലെന്ന കാരണത്താൽ ശ്രീമതി. ജീജ.എസ്-ന്റെ നിയമനം അംഗീകരിക്കാനാകില്ലെന്ന് ഉത്തരവായതായും വ്യക്തമാക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെ തുടർന്ന് കോർപ്പറേറ്റ് മാനേജർ 15.03.2021-ലെ ബി/361/2021/സി.എം. നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. ജീജ.എസ്.-നെ ഐറിൻ ലതയുടെ വിരമിക്കൽ ഒഴിവിൽ നിയമിക്കുകയും ശ്രീമതി. ഷാലി.റ്റി-യുടെ 06.06.2019 മുതലുള്ള നിയമനം പിൻവലിക്കുകയും ചെയ്തതായും, ഇതിനെതിരെ ശ്രീമതി. ഷാലി.റ്റി ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി നം.9259/2021 ഫയൽ ചെയ്തതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.12.2021-ലെ ഇ.ടി.4/10263/2021/ഡി.ജി.ഇ. നമ്പർ ഉത്തരവിലൂടെ മാനേജർ സീനിയോറിറ്റി പ്രകാരം അവസാനം നിയമിതയായ ശ്രീമതി. ഷാലി.റ്റി-യുടെ നിയമനം പിൻവലിച്ച നടപടി ക്രമപ്രകാരമാണെന്ന് കണ്ടെത്തി റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകുകയും തുടർന്ന്, ശ്രീമതി. ഷാലി.റ്റി റിട്ട് ഹർജി നം.28891/2021 ഫയൽ ചെയ്തതിനെ തുടർന്ന് സർക്കാർ 21.02.2022-ലെ സ.ഉ. (സാധാ).നം.974/2022/പൊ.വി.വ ഉത്തരവിലൂടെ ശ്രീ. വിൻസെന്റിന്റെ യു.പി.എസ്.ടി.യിൽ നിന്നുള്ള എൽ.പി.എസ്.ടി. തസ്തികയിലേക്കുള്ള മാറ്റം ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയായതിനാൽ ക്രമപ്രകാരമല്ലെന്നും, അതിനാൽ ശ്രീമതി. ജീജ.എസ്-ന്റെ നിയമനവും അംഗീകരിക്കാനാകില്ലെന്നും വ്യക്തമാക്കിയതോടൊപ്പം, യു.പി.എസ്.ടി. തസ്തികയിൽ 06.06.2019 മുതൽ ഉണ്ടായ വിരമിക്കൽ ഒഴിവിൽ ആദ്യം നിയമനം ലഭിച്ച ശ്രീമതി. ജീജ. എസ്.-ന്റെ നിയമനം മറ്റു വിധത്തിൽ യോഗ്യമാണെങ്കിൽ മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കാമെന്നും

നിർദേശിച്ചതായി മാനേജറുടെ പ്രതിനിധി ചൂണ്ടിക്കാണിക്കുകയുണ്ടായി. സർക്കാർ ഉത്തരവിനെതിരെ ശ്രീമതി ഷാലി റ്റി. റിട്ട് ഹർജി നം.8773/2022 ഫയൽ ചെയ്യതിൽ ബഹു. ഹൈക്കോടതി 16.03.2022-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ച് സർക്കാർ ഉത്തരവിന്റെ പ്രവർത്തനം സ്റ്റേ ചെയ്ത് ഹർജിക്കാരിയെ സ്വന്തം റിസ്കിലും, ചെലവിലും യു.പി.എസ്.എ. (തമിഴ്) ആയി സേവനം തുടരാൻ അനുവദിച്ചതായും മാനേജർ വ്യക്തമാക്കുകയുണ്ടായി. തുടർന്ന് ശ്രീ. വിൻസെന്റ് 06.12.2021-ലെ സ.ഉ.(കൈ) നം.275/2021/പൊ.വി.വ. സർക്കാർ ഉത്തരവിലെ ഖണ്ഡിക (5) പ്രകാരം 23.06.2017 മുതൽ എൽ.പി.എസ്.ടി. (തമിഴ്) ആയി തുടരാൻ താൽപര്യമുണ്ടെന്ന് സത്യപ്രസ്താവന സമർപ്പിച്ചതും കോർപ്പറേറ്റ് മാനേജർ അത് ശിപാർശ ചെയ്യതും റിട്ട് ഹർജിയിൽ ലക്ഷ്യരേഖയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. റിട്ട് ഹർജി നം.8773/2022-ൽ ബഹു. ഹൈക്കോടതി 13.03.2026-ന് പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കുന്നതിനായി, 27.06.2006 മുതൽ യു.പി.എസ്.ടി. (തമിഴ്) ആയി അംഗീകാരത്തോടെ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. വിൻസെന്റിനെ 23.06.2017 മുതൽ സ്ഥിരമായി അതേ സ്കൂളിലെ എൽ.പി.എസ്.ടി. (തമിഴ്) ആയി നിലനിർത്താൻ ആവശ്യമായ സത്യപ്രസ്താവന ലഭ്യമായ സാഹചര്യത്തിൽ, അതിന് അംഗീകാരം നൽകുന്നതിലൂടെ ശ്രീമതി ജീജ എസ്.-ന്റെ 23.06.2017 മുതലുള്ള യു.പി.എസ്.ടി. (തമിഴ്) നിയമനത്തിനും, ശ്രീമതി ഷാലി റ്റി.-യുടെ 06.06.2019 മുതൽ ഐറിൻ ലതയുടെ വിരമിക്കൽ ഒഴിവിൽ നടത്തിയ യു.പി.എസ്.ടി. (തമിഴ്) നിയമനത്തിനും അംഗീകാരം നൽകാൻ സാധിക്കുമെന്നും, ആയതിനാവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് നിരവധി വർഷങ്ങളായി ശമ്പളം ലഭിക്കാതെ തുടരുന്ന ഈ രണ്ട് അധ്യാപികമാരുടെ ബുദ്ധിമുട്ട് പരിഹരിക്കണമെന്നും മാനേജറുടെ പ്രതിനിധി അപേക്ഷിക്കുകയുണ്ടായി.

4. പാറശ്ശാല തമിഴ് എൽ.എം.എസ്. ഹൈസ്കൂളിൽ യു.പി.എസ്.ടി. (തമിഴ്) അധ്യാപകനായിരുന്ന ശ്രീ. വിൻസെന്റിനെ 23.06.2017 മുതൽ എൽ.പി.എസ്.ടി. (തമിഴ്) ആയി മാറ്റി നിയമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ മാനേജർ തന്നെ യു.പി.എസ്.ടി. (തമിഴ്) ആയി നിയമിച്ച തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതായും, പ്രസ്തുത നിയമനം വ്യവസ്ഥാപിത തസ്തികയിലേക്കാണ് നടത്തിയിരിക്കുന്നതെന്നും, അതിനാൽ 23.06.2017 മുതൽ തനിക്ക് നിയമനാംഗീകാരം അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും ആറാം എതിർ കക്ഷിയായ ശ്രീമതി. ജീജ.എസ് വാദിക്കുകയുണ്ടായി.

5. പാറശ്ശാല തമിഴ് എൽ.എം.എസ്. ഹൈസ്കൂളിൽ 01.11.2007 മുതൽ യു.പി.എസ്.ടി. ആയി തുടർച്ചയായി സേവനമനുഷ്ഠിച്ചു വരികയായിരുന്ന തന്നെ എൽ.പി.എസ്.ടി. (തമിഴ്) ആയിരുന്ന ശ്രീമതി പ്രേമ പി.ക്ക് ഹെഡ്മിസ്ട്രസ് പ്രമോഷൻ ലഭിച്ച് വക്കം എൽ.എം.എസ്. എൽ.പി. സ്കൂളിലേക്ക് മാറ്റം ലഭിച്ചതിനെ തുടർന്ന് 01.04.2017-ന് ഉണ്ടായ ഒഴിവിൽ 23.06.2017 മുതൽ എൽ.പി.എസ്.ടി. (തമിഴ്) ആയി മാനേജർ നിയമിച്ചതായും ആ തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്നതായും, അതിനാൽ, 23.06.2017 മുതൽ എൽ.പി.എസ്.ടി. (തമിഴ്) ആയി നടത്തിയ തന്റെ നിയമനം അംഗീകരിച്ച് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നു എഴാം എതിർ കക്ഷിയായ ശ്രീ. കെ വിൻസെന്റ് ആവശ്യപ്പെടുകയുണ്ടായി.

6. പാറശ്ശാല തമിഴ് എൽ.എം.എസ്. ഹൈസ്കൂളിലെ യു.പി.എസ്.ടി. (തമിഴ്) അധ്യാപികയായിരുന്ന ശ്രീമതി അയറിൻ ലത 31.03.2019-ന് വിരമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ

മാനേജർ ശ്രീമതി ഷാലി റ്റി.-യെ 06.06.2019 മുതൽ യു.പി.എസ്.ടി. (തമിഴ്) ആയി നിയമിച്ചതായും എന്നാൽ, ടിയാളെക്കാൾ സീനിയറായ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ലെന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കുകയും, അതിനെതിരായ അപ്പീലും ഇതേ കാരണത്താൽ നിരസിക്കപ്പെടുകയും ചെയ്തതായി വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് കോർപ്പറേറ്റ് മാനേജർ ശ്രീമതി ഷാലി റ്റി.-യുടെ 06.06.2019 മുതലുള്ള നിയമനം പിൻവലിച്ച് അതേ ഒഴിവിൽ ശ്രീമതി ജീജ എസ്.-നെ 06.06.2019 മുതൽ ക്രമീകരിച്ചതായും, ഇതിനെതിരെ ശ്രീമതി ഷാലി റ്റി. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ പരാതി സമർപ്പിച്ചതോടൊപ്പം ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി നം.9259/2021 ഫയൽ ചെയ്തതായും, പ്രസ്തുത ഹർജിയിൽ ബഹു. ഹൈക്കോടതി 08.04.2021-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ശ്രീമതി ഷാലി റ്റി.-യുടെ ഹർജി പരിശോധിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയതായും വ്യക്തമാക്കുകയുണ്ടായി. പാറശ്ശാല തമിഴ് എൽ.എം.എസ്. ഹൈസ്കൂളിലെ യു.പി.എസ്.ടി. ആയിരുന്ന ശ്രീ. വിൻസെന്റിനെ 23.06.2017 മുതൽ എൽ.പി.എസ്.ടി. (തമിഴ്) ആയി മാറ്റി നിയമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിലാണ് ശ്രീമതി. ജീജ.എസ്-നെ യു.പി.എസ്.ടി. (തമിഴ്) ആയി നിയമിച്ചതെന്നും എന്നാൽ, യു.പി.എസ്.ടി. ആയിരുന്ന ശ്രീ. വിൻസെന്റിനെ എൽ.പി.എസ്.ടി. ആയി മാറ്റി നിയമിച്ച നടപടി ക്രമപ്രകാരമല്ലാത്തതിനാൽ അതിന് അംഗീകാരം ലഭിച്ചില്ലെന്നും, തുടർന്ന് മാനേജർ മാനേജ്മെന്റിലെ ഏറ്റവും ജൂനിയറായ ശ്രീമതി. ഷാലി.റ്റി-യുടെ നിയമനം പിൻവലിച്ച് സീനിയർ നിയമിതയായ ശ്രീമതി. ജീജ.എസ്-നെ ക്രമീകരിച്ചതായും മാനേജറുടെ നടപടി ക്രമപ്രകാരമാണെന്ന് കണ്ടെത്തിയതിനാൽ ഇടപെടേണ്ട സാഹചര്യമില്ലെന്ന നിലപാടിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.12.2021-ലെ ഇടി.4/10263/2021 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. ഷാലി.റ്റി-യുടെ ഹർജി നിരസിക്കപ്പെട്ടതായും, അതിനെതിരെ റിട്ട് ഹർജി നം.28891/2021 ഫയൽ ചെയ്തതിനെ തുടർന്ന് സർക്കാർ ബന്ധപ്പെട്ടവരെ കേട്ട് 21.02.2022-ലെ സ.ഉ.(സാധാ) നം.974/2022/GEDN ഉത്തരവ് പ്രകാരം ശ്രീമതി ഷാലി റ്റി.-യുടെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ചതായും റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന്, 06.12.2021-ലെ സ.ഉ.(കൈ) നം.275/2021/പൊ.വി.വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിൻസെന്റ് 23.06.2017 മുതൽ യു.പി.എസ്.ടി. തസ്തികയിൽ നിന്ന് എൽ.പി.എസ്.ടി. തസ്തികയിലേക്കുള്ള തസ്തികമാറ്റം അംഗീകരിക്കുന്ന സമ്മതപത്രം സമർപ്പിച്ച സാഹചര്യത്തിൽ, 21.02.2022-ലെ സർക്കാർ ഉത്തരവ് റദ്ദാക്കി ശ്രീമതി ഷാലി റ്റി. സമർപ്പിച്ച 08.12.2021-ലെ ഹർജി പുനഃപരിശോധിക്കണമെന്ന് ബഹു. ഹൈക്കോടതി റിട്ട് ഹർജി നം.8773/2022-ൽ 13.03.2026-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ നിർദേശിച്ചിട്ടുള്ളതെന്നും. 06.12.2021-ലെ സ.ഉ.(കൈ) നം.275/2021/പൊ.വി.വ. ഉത്തരവ് പ്രകാരം, തസ്തിക നിർണ്ണയ ഉത്തരവിനെ തുടർന്ന് എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തിക നഷ്ടമാകുന്ന സാഹചര്യത്തിൽ രാജി, മരണം, പ്രമോഷൻ, വിരമിക്കൽ, സ്ഥലംമാറ്റം എന്നിവ മൂലമോ അധിക തസ്തിക മൂലമോ ഉണ്ടായ ഒഴിവിലേക്ക് ചട്ടപ്രകാരമുള്ള അവകാശികൾ ഇല്ലാത്തപ്പോൾ മാത്രമേ താൽക്കാലിക തസ്തികമാറ്റം അനുവദിക്കാനാകൂ എന്നും, അതല്ലാത്ത സാഹചര്യത്തിൽ മാനേജർ സ്വന്തം ഇഷ്ടപ്രകാരം നടത്തിയ തസ്തികമാറ്റം യോഗ്യതാ വ്യവസ്ഥകൾ ലംഘിക്കാത്ത പക്ഷം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച തീയതി വരെ അനുവദനീയമാണെന്നും അത്തരത്തിൽ തസ്തികമാറ്റം ലഭിക്കുന്നവർ സർക്കാർ ഉത്തരവിലെ ഖണ്ഡിക (5) പ്രകാരമുള്ള സമ്മതപത്രം സമർപ്പിക്കേണ്ടതുണ്ടെന്നും, ശ്രീ. വിൻസെന്റ് മുമ്പ് അത്തരം സമ്മതപത്രം സമർപ്പിച്ചിരുന്നില്ലെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീമതി പ്രേമ പി. എൽ.പി.എസ്.ടി.യിൽ നിന്ന് പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിലാണ് ശ്രീ. വിൻസെന്റിന് എൽ.പി.എസ്.ടി.

തസ്തികമാറ്റ നിയമനം നൽകിയതെന്നും, ടിയാന് ആവശ്യമായ ടി.ടി.സി. യോഗ്യതയുണ്ടെന്നും, എന്നാൽ നിലവിൽ മാനേജർ ശ്രീ. വിൻസെന്റിനെ യു.പി.എസ്.ടി. തസ്തികയിൽ തുടരാൻ അനുവദിച്ചും ശ്രീമതി ഷാലി റ്റി.-യുടെ നിയമനം പിൻവലിച്ചും അതേ ഒഴിവിൽ സീനിയറായ ശ്രീമതി ജീജ എസ്.-നെ ക്രമീകരിച്ചുമാണ് നിയമന ക്രമീകരണം നടത്തിയിരിക്കുന്നതെന്നും, ശ്രീ. വിൻസെന്റ് തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട സമ്മതപത്രം സമർപ്പിക്കുന്ന പക്ഷം മേൽപ്പറഞ്ഞ നിയമനങ്ങൾ പുനഃക്രമീകരിക്കേണ്ട സാഹചര്യം ഉണ്ടാകാമെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

7. നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. ശ്രീ. വിൻസന്റ് കെ. പാറശ്ശാല തമിഴ് എൽ.എം.എസ്. എച്ച്.എസ്. ൽ 01/11/2007 മുതൽ യു.പി.എസ്.ടി. ആയി തുടർച്ചയായി ജോലി ചെയ്ത് വരുമ്പോഴാണ്, 01/04/2017 തീയതിയിൽ ടി സ്കൂളിലെ എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി. പ്രേമ പി., ഹെഡ് മിസ്ട്രസ് ആയി പ്രമോഷൻ ലഭിച്ച് വക്കം എൽ.എം.എസ്. എൽ.പി.എസ്. -ലേക്ക് പോയ ഒഴിവിൽ, എൽ.പി.എസ്.ടി. (തമിഴ്) ആയി 23/06/2017 മുതൽ മാനേജർ കാറ്റഗറി മാറ്റി നിയമിച്ചിരിക്കുന്നത്. മാനേജർ 23/06/2017 മുതൽ എൽ.പി.എസ്.ടി. ആയി തന്നെ കാറ്റഗറി മാറ്റി നിയമിച്ചത് അംഗീകരിക്കണമെന്ന് ശ്രീ. വിൻസന്റ് കെ. നേരിൽ കേട്ട വേളയിൽ അഭ്യർത്ഥിച്ചിട്ടുമുണ്ട്.

8. പ്രസ്തുത സാഹചര്യത്തിൽ, മേൽ പ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് ശ്രീ. വിൻസന്റ് കെ സമ്മതപത്രം സമർപ്പിക്കുന്ന മുറക്ക്, 23.06.2017 മുതലുള്ള ടി തസ്തികമാറ്റ നിയമനവും, ശ്രീമതി. ജീജ.എസ് ന്റെ 23.06.2017 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനവും, മറ്റ് എല്ലാവിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുവാനും, നിയമനങ്ങളെല്ലാം ക്രമീകരിച്ചതിന്ശേഷം ഒഴിവ് വ്യവസ്ഥാപിതമാകുന്ന മുറക്ക്, ഹർജിക്കാരിയായ ശ്രീമതി ഷാലി റ്റി. യുടെ 06.06.2019 മുതലുള്ള നിയമനവും, മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകരിച്ചു നൽകുന്നതിനും, നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ടും, അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീമാ മാനുവൽ
സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര
കോർപ്പറേറ്റ് മാനേജർ, എൽ.എം.എസ് സ്കൂൾസ്, എൽ.എം.എസ്. കോമ്പൗണ്ട്, തിരുവനന്തപുരം.-695033
ശ്രീമതി.ഷാലി.ടി, യു.പി.എസ്.എ (തമിഴ്), എൽ.എം.എസ്. തമിഴ് ഹൈസ്കൂൾ, പാറശ്ശാല, തിരുവനന്തപുരം -695 502
ശ്രീമതി.ജീജ എസ്, യു.പി.എസ്.എ, എൽ.എം.എസ്. തമിഴ് ഹൈസ്കൂൾ, പാറശ്ശാല, തിരുവനന്തപുരം -695 502

ശ്രീ.കെ.വിൻസന്റ്, ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ്, എൽ.എം.എസ്. തമിഴ് ഹൈസ്കൂൾ, പാറശ്ശാല, തിരുവനന്തപുരം - 695 502

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Maneesha Surendran
Date: 31-07-2026
16:55:26

സെക്ഷൻ ഓഫീസർ